**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2584** **06-10-2025 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി.ഓഫീസുകൾക്കുള്ള വാടക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി. എസ്. ടി. അപ്പീൽ ട്രൈബ്യൂണൽ, ജി. എസ്. ടി. ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റ് വിഭാഗം, ജി. എസ്. ടി. ഓഡിറ്റ് ഹെഡ് ക്വാർട്ടേഴ്സ്, എറണാകുളത്തെ ഓഡിറ്റ് ടീമുകൾ എന്നിവയുടെ ഉപയോഗത്തിനായി വാടകയ്ക്ക് എടുത്ത വടക്കേക്കോട്ട തൃപ്പൂണിത്തുറയിൽ സ്ഥിതി ചെയ്യുന്ന കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ കെട്ടിടത്തിന്റെ മൊത്തം വിസ്തീർണ്ണം എത്രയാണ് ; പ്രതിമാസം നൽകേണ്ട വാടക എത്രയാണ് ; വാടക കരാർ ഒപ്പുവെച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുവരെ അടച്ച വാടകയുടെ മൊത്തം തുക എത്ര; വിശദമാക്കാമോ; | (എ) | വകുപ്പ് വാടകക്കെടുത്തിരിക്കുന്ന വടക്കേക്കോട്ട തൃപ്പൂണിത്തുറയിൽ സ്ഥിതി ചെയ്യുന്ന കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ കെട്ടിടത്തിന്റെ മൊത്ത വിസ്തീർണം 4622.23 sq.m ആണ്(49753.68 sq.ft). പ്രതിമാസം KMRL ആവശ്യപ്പെടുന്ന വാടക 21,16,094/- രൂപ. വാടക കരാർ ഒപ്പുവച്ചിട്ടില്ല. |
| (ബി) | വാടകയ്ക്കെടുത്ത കെട്ടിടത്തിൽ എന്തെങ്കിലും പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വാടക കെട്ടിടത്തിന്റെ ഇന്റീരിയർ ഫർണിഷിങ്ങ് പൂർത്തീകരിച്ചിട്ടുണ്ടോ; ഇന്റീരിയർ ഫർണിഷിങ്ങിന് കണക്കാക്കിയ ചെലവ് എത്ര; ഈ ചെലവിന് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | നിലവിൽ പ്രസ്തുത കെട്ടിടത്തിൽ യാതൊരുവിധ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടില്ല. ഇന്റീരിയർ ഫർണിഷിംഗ് വർക്കുമായി ബന്ധപ്പെട്ട് പി ഡബ്ല്യൂ ഡി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനായി നികുതി വകുപ്പ് കമ്മീഷണർ, ജോയിന്റ് കമ്മീഷണർ, ടാക്സ്പെയർ സർവീസ് എറണാകുളത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇന്റീരിയർ ജോലികൾ ആരാണ് നിർവ്വഹിക്കുക; എപ്പോഴാണ് പൂർത്തീകരിക്കുക; കരാറുകാരന്റെ പേര് എന്താണ്; മേൽപ്പറഞ്ഞ യൂണിറ്റുകൾ നിർദ്ദിഷ്ട സ്ഥലത്തേക്ക് മാറ്റുന്നതിനുള്ള സമയപരിധി എന്നാണെന്ന് വ്യക്തമാക്കുമോ? | (സി) | ഇന്റീരിയർ ഫർണിഷിംഗ് വർക്കുമായി ബന്ധപെട്ട് പി ഡബ്ല്യൂ ഡി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനായി നികുതി വകുപ്പ് കമ്മീഷണർ, ജോയിന്റ് കമ്മീഷണർ, ടാക്സ്പെയർ സർവീസ്<br><br>എറണാകുളത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ